പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 185 — 10.06.2013 ൽ മറുപടിക്ക്

## വിമാനത്താവളങ്ങൾ വഴി മനുഷ്യക്കടത്ത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് ഈ സർക്കാർ വന്നശേഷം വിമാനത്താവളങ്ങൾ വഴി മനുഷ്യക്കടത്ത് വൻതോതിൽ നടന്നുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ നെടുമ്പാശ്ശേരി എയർപോർട്ട് വഴി അനധികൃതമായി മനുഷ്യക്കടത്ത് നടത്തിയ ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മനുഷ്യക്കടത്തിന്റെ ഭാഗമായി പെൺവാണിഭം നടന്നതായുള്ള പരാതികളിൻമേലും, മനുഷ്യക്കടത്ത് സംബന്ധിച്ചും എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര പേരെ പിടികൂടുവാനുണ്ട്; കേസ്സിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ; | (ബി) | ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തിവരുന്ന 4 കേസുകളിലായി 10 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 2 പേരെ അറസ്റ്റ് ചെയ്യുവാനുണ്ട്. ഈ കേസുകൾ അന്വേഷണാവസ്ഥയിലാണ്. |
| (സി) | മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് അന്വേഷണം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥർ ആരൊക്കെയെന്നും അവർ ഇപ്പോൾ വഹിക്കുന്ന പദവി എന്താണെന്നും വ്യക്തമാക്കുമോ; | (സി) | വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും മാറ്റി നിർത്തി ഉന്നതതല അന്വേഷണം നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (ഡി) | ആരോപണവിധേയരായ 17 ഉദ്യോഗസ്ഥരിൽ 11 പേരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. 6 പേരെ സർവ്വീസിൽ നിന്നും മാറ്റി നിർത്തുവാനായി ശുപാർശ ലഭിച്ചിട്ടുണ്ട്. ക്രൈംബ്രാഞ്ച് വിഭാഗം 4 കേസുകൾ രജിസ്റ്റർ ചെയ്ത് ഊർജ്ജിത അന്വേഷണം നടത്തിവരുന്നു. |

(ഇ) മനുഷ്യക്കടത്തിന് അറസ്റ്റിലായ പോലീസ് ഉദ്യോഗസ്ഥരുടെയും, അന്വേഷണ വിധേയരായ പോലീസ് ഉദ്യോഗസ്ഥരുടെയും പേരിൽ പാറഖനനം/കടത്ത്, സ്പിരിറ്റ് കടത്ത്, മണൽകടത്ത്, പെൺവാണിഭം, കൊലപാതകം-അതിന് കൂട്ടുനിൽക്കൽ തുടങ്ങി എത്ര കേസ്സുകൾ നിലവിലുണ്ട്; ഓരോരുത്തരുടെയും പേരിലുള്ള കേസ്സുകൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

(ഇ) മനുഷ്യക്കടത്ത് സംബന്ധിച്ച് ക്രൈംബ്രാഞ്ച് വിഭാഗം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ അന്വേഷണ അവസ്ഥയിലായതിനാൽ മറ്റു വിവരങ്ങൾ ലഭ്യമല്ല.

സെക്ഷൻ ഓഫീസർ

185/10/16

## അനുബന്ധം

1. Bhuvanendran, SP, Traffic South, Thiruvananthapuram
2. A K Jamaludheen, SP, Human Rights Commission, Thiruvananthapuram
3. Iqbal DySP Nedumangad Thiruvananthapuram Rural
4. Mahesh Kumar, DySp, CBCID, HHW-II, Palakkad
5. N.V. Somarajan, AC-II, AR Malappuram
6. A.A. Ashraf, Inspector, Coastal PS, Thottappilly, Alappuzha (Now under suspension).
7. A.H. Safeer, SI, Mannanchery P.S, Alappuzha (Now under suspension).
8. S. Samjith, APSI, KAP 5th Bn. (Now under suspension)
9. George John, SI, Marine Enforcement & Vigilance, Vizhinjam.
10. M.K. Babu, APSI, KAP 1st Bn. (Now under suspension)
11. C.S. Biju, APSI, KAP 2nd Bn. (Now under suspension)
12. Raju Mathew, APSI, CIAL Nedumbassery (Now under suspension).
13. Muhammed Haneefa, SI, Mundakayam PS, Kottayam (Now under suspension).
14. E.K. Kunju Mohammed, ASI, AR Kottayam (Now under suspension).
15. Prasanth Kumar, CPO, Mathilakam PS, Thrissur Rural (Now under suspension).
16. V.N. Sunilkumar, CPO, AR Kochi City (Now under suspension).
17. Ajeeb, CPO, Nedumbassery PS (Now under suspension).

സർവ്വീസിൽ നിന്നും വിരമിച്ച സർക്കിൾ ഇൻസ്പെക്ടർ ശ്രീ ജി. വിജയകുമാറിനെതിരെയും അന്വേഷണം നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ